കുറിപ്പുകൾ

**എം. സാജിദ്**

# ജമ്മു കശ്മീരിലെ ജനങ്ങൾ വിധിച്ചത്

**സംഘർഷങ്ങളില്ലാതെയാണ്** ഇത്തവണ ജമ്മു കശ്മീർ തെരഞ്ഞെടുപ്പ് പൂർത്തിയായത്. നവംബർ 17 മുതൽ ഡിസംബർ 24 വരെ ഏഴ് ഘട്ടങ്ങളായി നടന്ന തെരഞ്ഞെടുപ്പ് പ്രക്രിയയിൽ 61.5 ശതമാനം പോളിംഗ് രേഖപ്പെടുത്തി. തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനുള്ള ഹുർറിയത്ത് നേതാക്കളുടെ ആഹ്വാനത്തെ മറികടന്നുകൊണ്ടാണ് ഇത്രയും കനത്ത പോളിംഗ് നടന്നത്.

പ്രധാനപ്പെട്ട നാല് പാർട്ടികൾക്ക് ആകെയുള്ള 87 സീറ്റുകൾ വിഭജിച്ചു നൽകിക്കൊണ്ടാണ് ജനം ജനാധിപത്യ പ്രക്രിയയോട് പ്രതികരിച്ചത്. 28 സീറ്റുകൾ നേടിയ നാഷ്നൽ കോൺഫ്രൻസും 17 സീറ്റുകൾ ലഭിച്ച കോൺഗ്രസും സഖ്യം ഉണ്ടാക്കി സർക്കാർ രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. നാഷ്നൽ കോൺഫ്രൻസ് പ്രസിഡന്റ് ഉമർ അബ്ദുല്ല ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രി എന്ന പേരിൽ ഇനി അറിയപ്പെടും. വാർധക്യത്തിലെത്തിയിട്ടും മുഖ്യമന്ത്രിമോഹം അടക്കിവെക്കാൻ കഴിയാതിരുന്ന പിതാവ് ഫാറൂഖ് അബ്ദുല്ലയെ ഒതുക്കിയിരുത്തിയാണ് യുവാവായ ഉമർ അധികാരത്തിലേക്ക് വരുന്നത്. കോൺഗ്രസിലെ പുത്തൻ താരോദയമായ രാഹുൽഗാന്ധിയുമായി തനിക്ക് നന്നായി സംവദിക്കാനാവും എന്നാണ് ഉമർ ഇതിന് ന്യായം പറഞ്ഞത്.

22 സീറ്റ് നേടി 2002 ലേക്കാൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെച്ച മെഹ്ബൂബ മുഫ്തിയുടെ പി.ഡി.പി പ്രതിപക്ഷത്തിരിക്കും. 2002-ലെ ഒരു സീറ്റിൽനിന്ന് ഇത്തവണ 11-ലേക്ക് കുതിച്ചുകയറിയ ബി.ജെ.പി സാമുദായിക ധ്രുവീകരണം തന്നെയാണ് തങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട രാഷ്ട്രീയ മണ്ഡലം എന്ന് തെളിയിച്ചിരിക്കുന്നു. വരും നാളുകളിൽ ഈ പ്രക്രിയ ശക്തിപ്പെടുമെന്ന സൂചനയും പാർട്ടി വൃത്തങ്ങൾ നൽകുന്നുണ്ട്.

ആകെ മത്സരിച്ച 1353 സ്ഥാനാർഥികളിൽ 67 സ്ത്രീകൾ ഉണ്ടായിരുന്നെങ്കിലും വിജയിച്ചത് 3 പേർ മാത്രമാണ്. ഒരൊറ്റ കശ്മീരി പണ്ഡിറ്റിനും വിജയിക്കാൻ കഴിഞ്ഞിട്ടില്ല.

| കക്ഷിനില | 2008 | 2002 |
|---|---|---|
| കോൺഫ്രൻസ് | 28 | 28 |
| കോൺഗ്രസ് | 17 | 20 |
| പി.ഡി.പി | 21 | 16 |
| ബി.ജെ.പി | 11 | 1 |
| മറ്റുള്ളവർ | 10 | 22 |
| ആകെ | 87 | 87 |

പൊതുവിൽ സമാധാനപരമായും കൃത്രിമങ്ങളില്ലാതെയും നടന്ന തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് പുതിയ രാഷ്ട്രീയ-സാമുദായിക ധ്രുവീകരണം ശക്തമായി നടന്നിട്ടുണ്ട്. ജമ്മുവിലെ ഹിന്ദു ഭൂരിപക്ഷ പ്രദേശങ്ങളിൽ ഇത്തവണ ബി.ജെ.പി വെന്നിക്കൊടി പാറിച്ചു. കോൺഗ്രസിൽനിന്ന് ഒമ്പത് സീറ്റുകളും നാഷ്നൽ കോൺഫ്രൻസിൽനിന്ന് ഒരു സീറ്റും പിടിച്ചെടുക്കാൻ ബി.ജെ.പിക്ക് കഴിഞ്ഞു. കശ്മീർ താഴ്‌വര പി.ഡി.പിക്കും നാഷ്നൽ കോൺഫ്രൻസിനുമിടയിൽ വീതം വെക്കപ്പെട്ടു. ലഡാക്കിൽ ലേഹ്, നോബ്ര മണ്ഡലങ്ങൾ കോൺഗ്രസും സ്വതന്ത്രനും നേടിയപ്പോൾ കാർഗിലിലെ രണ്ട് മണ്ഡലങ്ങളും നാഷ്നൽ കോൺഫ്രൻസിനോടൊപ്പം നിന്നു. സാമുദായിക ധ്രുവീകരണത്തിന്റെ സൂചനയായി ജമ്മുവിലെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ ഇത്തവണ പി.ഡി.പി വിജയം കൊയ്തു. ജമ്മുവിലൊട്ടാകെ പി.ഡി.പിക്ക് 6 ശതമാനത്തിലധികം വോട്ട് വർധന ഉണ്ടായിട്ടുണ്ട്.

ബദ്ധവൈരികളായ പി.ഡി.പിയും കോൺഫ്രൻസും പ്രചാരണ കാലത്ത് തങ്ങളുടേതായ അവകാശവാദങ്ങൾ ഉയർത്തി വോട്ടർമാരെ ആകർഷിക്കാൻ ശ്രമിച്ചിരുന്നു. ഇന്ത്യൻ യൂനിയനകത്തു നിന്നുകൊണ്ടും എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ അതിരുകൾക്ക് പുറത്തുകടന്നും വേണം കശ്മീർ പ്രശ്നം പരിഹരിക്കാൻ എന്നായിരുന്നു പി.ഡി.പിയുടെ നിലപാട്. കശ്മീരിന് സ്വയംഭരണാവകാശം, ഭരണഘടനാപരമായും രാഷ്ട്രീയമായും സാമ്പത്തികമായും പാക് അധീന കശ്മീരുമായി സഹകരിക്കുന്ന കോൺഫെഡറേഷൻ, താഴ്‌വരയിൽനിന്ന് സൈന്യത്തെ പിൻവലിക്കുക, ആംഡ്ഫോഴ്സ് സ്പെഷ്യൽ പവേഴ്സ് ആക്ടിന്റെ പരിമിതമായ ഇടപെടൽ തുടങ്ങിയവയായിരുന്നു മെഹ്ബൂബയുടെ പക്ഷത്തിന്റെ മറ്റു പ്രധാന ആവശ്യങ്ങൾ.

ബി.ജെ.പിയുമായി സഖ്യമുണ്ടാക്കി വിരൽ കടിച്ച അനുഭവമുള്ള കോൺഫ്രൻസും സ്വാതന്ത്ര്യ വാഞ്ഛ കാട്ടുന്നതിൽ കുറവ് വരുത്തിയില്ല. സ്വയം ഭരണം അവരുടെയും വാദമായി ഉയർന്നു. താഴ്‌വരയിലെ മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കുക, പാകിസ്താനുമായി സ്വയം ഭരണകാര്യം ചർച്ചചെയ്യുന്നതിന് പ്രത്യേക കമ്മിറ്റി എന്നീ ആവശ്യങ്ങൾ അവരും ഉയർത്തി.

ജമ്മുവിനോടുള്ള അവഗണന, പണ്ഡിറ്റുകളെ പീഡിപ്പിക്കുന്നത് തടയുക, താഴ്‌വരയിലെ തീവ്രവാദം അവസാനിപ്പിക്കുക, കശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയിലെ 370-ാം വകുപ്പ് റദ്ദ് ചെയ്യുക തുടങ്ങിയ പാരമ്പര്യ വാദങ്ങളിൽ ഊന്നിത്തന്നെയായിരുന്നു ബി.ജെ.പി തെരഞ്ഞെടുപ്പിനെ നേരിട്ടത്. അമർനാഥ് യാത്രാ പ്രശ്നം തെരഞ്ഞെടുപ്പു വേളയിൽ വലിയ ചർച്ചാവിഷയമാക്കാൻ പാർട്ടിക്ക് സാധിച്ചു. അമർനാഥ് യാത്രാ സംഘർഷ് സമിതിയെ ഒരു 'ബി'ടീം പോലെ കളിപ്പിക്കുന്നതിലും ബി.ജെ.പി വിജയിച്ചു. തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ തന്നെ ഇറക്കിയ പ്രസ്താവനയിൽ തങ്ങളുടെ പ്രവർത്തനം വീണ്ടും വിപുലപ്പെടുത്തുമെന്നും ജമ്മുവിനോടുള്ള അവഗണന അവസാനിപ്പിക്കുന്നത് ചർച്ച ചെയ്യാൻ മേഖലയിൽനിന്നുള്ള എം.എൽ.എ മാരുടെ യോഗം വിളിക്കുമെന്നും സമിതി പറയുമ്പോൾ ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നുണ്ട്.

ആഹ്ലാദാരവങ്ങളോടെയാണ് രാജ്യത്തെ രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് ഫലം സ്വീകരിച്ചത്. ജനാധിപത്യത്തിലേക്കുള്ള സമാധാനപരമായ ഈ മടങ്ങിപ്പോക്ക് രാജ്യത്തിനൊട്ടാകെ മാതൃകയാണെന്നായിരുന്നു സോണിയ ഗാന്ധിയുടെ പ്രതികരണം. സാമുദായിക ധ്രുവീകരണമുണ്ടാക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ ജനാധിപത്യത്തിന്റെ വിജയം എന്ന് സി.പി.എം വിലയിരുത്തിയപ്പോൾ കശ്മീരികളുടെ സ്വയം നിർണയാവകാശത്തിന് തെരഞ്ഞെടുപ്പ് ഒരിക്കലും ബദലല്ലെന്നായിരുന്നു പാകിസ്താന്റെ പ്രതികരണം.

തെരഞ്ഞെടുപ്പ് ഫലത്തിന് കശ്മീർ പ്രശ്നപരിഹാരവുമായി യാതൊരു ബന്ധവുമില്ലെന്നാണ് ഹുർറിയത്ത് നേതാവ് സയ്യിദ് അലിഷാ ഗീലാനി അഭിപ്രായപ്പെട്ടത്. "ജനങ്ങൾ വോട്ട് ചെയ്തത് ജനാധിപത്യത്തിനല്ല, റോഡിനും വെള്ളത്തിനും വെളിച്ചത്തിനും വേണ്ടിയാണ്" - ബഹിഷ്കരണാഹ്വാനത്തിന് വേണ്ടത്ര പിന്തുണ ലഭിക്കാത്തതിൽ നിരാശനായ ഗീലാനി പറഞ്ഞു.

ഹുർറിയത്തിലെ മറ്റു വിഭാഗങ്ങൾ ബഹിഷ്കരണാഹ്വാനത്തിൽ കടിച്ചുതൂങ്ങിയിരുന്നില്ല. പി.ഡി.പിയോട് ഒരു സോഫ്റ്റ് കോർണർ നിലനിർത്തിയ നിലപാടായിരുന്നു അവർക്ക്.

പുതിയ സർക്കാറിനെ കാത്തിരിക്കുന്ന വെല്ലുവിളികളും കടമ്പകളും ഏറെയാണ്. രാഷ്ട്രീയ അസ്ഥിരത അവസാനിപ്പിച്ച് അന്തരീക്ഷം സാധാരണ നിലയിലേക്ക് കൊണ്ടുവരിക എന്നതാണ് ഒന്നാമതായി നടക്കേണ്ടത്. ഉത്തരവാദിത്വമുള്ളതും സുതാര്യവുമായ ഭരണക്രമം അതിന് അത്യന്താപേക്ഷിതമാണ്. തൊഴിലില്ലായ്മ പരിഹരിച്ച് വികസന പ്രക്രിയകൾ വേഗത്തിലാക്കേണ്ടതുണ്ട്. ന്യൂദൽഹിയും ഹുർറിയത്തുമായി സംവാദങ്ങൾക്ക് അവസരമൊരുങ്ങണം. ഇതിന് താൻ അവസരമുണ്ടാക്കുമെന്ന് ഫാറൂഖ് അബ്ദുല്ല പറഞ്ഞിട്ടുണ്ട്. പുതുതായി രൂപപ്പെട്ട ജമ്മു കശ്മീർ ധ്രുവീകരണത്തെയും ഇഛാശക്തിയോടും അവധാനതയോടെയും നേരിടേണ്ടതുണ്ട്.

പ്രശ്നകലുഷിതമായ സംസ്ഥാനം എന്നിടത്തുനിന്ന് ജമ്മു കശ്മീരിനെ മാറ്റിയെടുക്കാൻ കേന്ദ്രം ആഗ്രഹിക്കുന്നുണ്ടെങ്കിൽ സർക്കാർ മുൻകൈയെടുക്കേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്. ആത്മവിശ്വാസം വളർത്തുന്ന ചില പദ്ധതികൾക്ക് തുടക്കമിടാൻ കേന്ദ്രം ധൈര്യം കാട്ടണം. താഴ്‌വരയിൽ നിലനിൽക്കുന്ന രാക്ഷസീയ നിയമങ്ങൾ പിൻവലിക്കുക, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ സൈനികവിന്യാസം കുറക്കുക, രാഷ്ട്രീയ തടവുകരെ മോചിപ്പിക്കുക, മനുഷ്യാവകാശ ലംഘനങ്ങൾ ചെറുക്കുന്നതിനായി മനുഷ്യാവകാശ കമീഷനെ ശക്തിപ്പെടുത്തുക, നിയന്ത്രണ രേഖക്ക് കുറുകെ ആളുകളുടെയും ചരക്കുകളുടെയും പോക്കുവരവ് വർധിപ്പിക്കുക തുടങ്ങിയവ പരീക്ഷിച്ചു നോക്കാവുന്ന കാര്യങ്ങളാണ്. എന്നാൽ ഇതിനൊക്കെയും ഉപാധിയായി ഉണ്ടാവേണ്ടത് രാഷ്ട്രീയ ഇഛാശക്തിയാണ്. ■

sajidm75@gmail.com